**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1951** **11-10-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീര ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2018-2019 സാമ്പത്തിക വർഷം പനത്തടി ഗ്രാമപഞ്ചായത്തിലും, 2020-2021 സാമ്പത്തിക വർഷം അജാനൂർ ഗ്രാമപഞ്ചായത്തിലുമാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | അതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ? | (ബി) | പനത്തടി ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി പ്രകാരം ഒരു പശു യൂണിറ്റ്, രണ്ട് പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 5 ഹീഫർ യൂണിറ്റ്, 10 ഹീഫർ യൂണിറ്റ്, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, മിനറൽ മിക്സ്ചർ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ, അജാനൂർ ഗ്രാമ പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി പ്രകാരം രണ്ട് പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (പശു + ഹീഫർ) ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, മിനറൽ മിക്സ്ചർ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ